FOOT-PATH—NORTHERN BANK OF NARAKKAL BUNDER CANAL—CONDITION OF

239. (71) **Mr. M. I. Paul** *(Elankunnapuzha):* Will Government be pleased to state whether the Government are aware that the foot-path on the Northern bank of the Narakkal Bunder Canal is in a very bad condition and the people are suffering very much thereby?

Mr. K. Ayyappan *(Minister for Works and Revenue):*

No complaints have been received by Government regarding the foot-path up to now.

മിസ്റ്റർ എം. ഐ. പോൾ: സ്ഥലത്തെ പഞ്ചായത്തു പല അവസരങ്ങളിലും ഇതു ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തീട്ടില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: അതിനെപ്പറ്റി അന്വേഷിക്കാം.

മിസ്റ്റർ എം. ഐ. പോൾ: ബഹുമാനപ്പെട്ട മന്ത്രി ആസ്ഥലം നേരിട്ടു സന്ദർശിച്ചിട്ടില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: ഞാൻ ആ സ്ഥലം സന്ദർശിക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ കൂടെ ഉണ്ടായിരുന്നുവല്ലൊ.

മിസ്റ്റർ എം. ഐ. പോൾ: ഇതു അവിടെ വളരെ അത്യാവശ്യമായിട്ടുള്ളതാണു് എന്നുള്ളതു് സ്ഥലം പഞ്ചായത്തിൽ നിന്നതന്നെ പലതവണ പറഞ്ഞിട്ടുണ്ടു്. ഇതില്ലാത്തകാരണം അവിടത്തെ ജനങ്ങൾക്കു വല്ലാത്ത ബുദ്ധിമുട്ടു നേരിടുന്നുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ: അവിടെ ഇങ്ങിനെ ഒരു ഫുട്ടു്പാത്തു് വളരെ ആവശ്യമാണു്. എന്നാൽ ഗവൺമെണ്ടിന്റെ ധനസ്ഥിതിയനുസരിച്ചല്ലാതെ അതു ഉണ്ടാകുവാൻ നിവൃത്തിയില്ല. അതുകൊണ്ടു ഇതു ആവശ്യമില്ലെന്നല്ല പറയുന്നതു്. അത്തരം ഫുട്ടു്പാത്തുകൾ അതിനേക്കാൾ ആവശ്യമായ വേറെ സ്ഥലങ്ങൾ ഉണ്ടു്. ഇതിനുള്ള പരിഹാരം ഗവൺമെണ്ടിന്റെ ധനസ്ഥിതിയിലുള്ള കഴിവുപോലെ ഉണ്ടാക്കാം.

മിസ്റ്റർ എം. ഐ. പോൾ: അവിടെ അതു വളരെ അടിയന്തിരമായി ഉണ്ടാക്കേണ്ടതാണെന്നുള്ളതു ആ സ്ഥലം സന്ദർശിച്ചപ്പോൾ തന്നെ ബഹുമാനപ്പെട്ട മന്ത്രിക്കു മനസ്സിലായില്ലെ?

മിസ്റ്റർ കെ. അയ്യപ്പൻ: അതിനേക്കാൾ കൂടുതൽ അടിന്തയിരമായി ഉണ്ടാക്കേണ്ട സ്ഥലങ്ങൾ വേറെയുണ്ടു്.

മിസ്റ്റർ എം. ഐ. പോൾ: ഇതു കഴിയുന്നതും വേഗത്തിൽ ചെയ്യാമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: കഴിയുന്നതും വേഗത്തിൽ ചെയ്യാം.

STUDENTS SENT UP FOR STUDIES IN ENGINEERING AND MEDICINE 1123 AND 1124—PARTICULARS OF

240. (232) മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സഭയെ മറുപടി പറയുമൊ.—

(എ) ക ക വ ന— ക ക വ ര ഈ വിദ്യാഭ്യാസവർഷത്തിൽ സ്റ്റേറ്റിൽനിന്നും എഞ്ചിനീയറിംഗു്, മെഡിക്കൽ എന്നീ പഠനത്തിന്നായി അയക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥിനീവിദ്യാർത്ഥികൾ ആരെല്ലാം;

(ബി) അവർ ഓരോരുത്തരേയും ഏതേതു കോളേജുകളിലേക്കാണു അയച്ചിട്ടുള്ളതു്;

(സി) അവരുടെ പരീക്ഷായോഗ്യതകൾ എന്തെല്ലാം;

(ഡി) അവർ ഏതേതു സമുദായത്തിൽ പെട്ടവരാണു്;

(ഇ) ഈ കുട്ടികളുടെ രക്ഷകർത്താക്കന്മാർ ആരെല്ലാം;

(എഫ്) സെലക്ടു് ചെയ്യാതിരുന്ന അപേക്ഷകർ ആരെല്ലാം, അവരുടെ പരീക്ഷാഭ്യായോഗ്യത എന്തു്;

(ജി) അവർ ഏതേതു സമുദായങ്ങളിൽ പെട്ടവരാണു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. എ. ഔസേപ്പ് :

(എ) മുതൽ (ജി) വരെ വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വെച്ചിരുന്നു.

മിസ്റ്റർ എ. എം. തോമസ്സ്: കോളേജിലേയ്ക്ക് Applications അയക്കുമ്പോൾ മാർക്ക്‌ലിസ്റ്റിന്റെ കൂടി അയയ്ക്കണം എന്നു നിബന്ധനയുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അങ്ങിനെ ഒരു നിബന്ധനയുള്ളതായി അറിവില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇവിടെ വച്ചിരിക്കുന്ന ലിസ്റ്റിന്റെ പ്രകാരം ഒരാൾ മാത്രമാണ് അധ:കൃത സമുദായത്തിൽ നിന്നു, പ്രത്യേകിച്ചു പുലയരിൽ നിന്നും, അപേക്ഷ അയച്ചിട്ടുള്ളതായിക്കാണുന്നത്. ആ ആളെ എടുക്കാതിരിയ്ക്കാൻ വല്ല പ്രത്യേകകാരണവുമുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസുവേണം.

മിസ്റ്റർ എ. എം. തോമസ്സ്: അധ:കൃതനെ സെലക്ട് ചെയ്തുകയുണ്ടായോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അധ:കൃതനെ സെലക്ട് ചെയ്തുകയുണ്ടായി. സെലക്ട് ചെയ്തയച്ച കോളേജ് അതോറിട്ടി അദ്ദേഹത്തെ സ്വീകരിക്കുകയുണ്ടായില്ല.

മിസ്റ്റർ എ. എം. തോമസ്സ്: എന്തുകൊണ്ടാണ് കോളേജ് സ്വീകരിക്കാതിരുന്നതു?

മിസ്റ്റർ സി. എ. ഔസേപ്പ്: ആ കോളേജിൽ പ്രവേശനം ലഭിക്കുന്നതിന്നാവശ്യമായ കേപ്പാളിഫിക്കേഷൻ ഇല്ലാതിരുന്നതുകൊണ്ടു്.

മിസ്റ്റർ സി. സി. പ്രസാദ്: സെലക്ട് ചെയ്യുന്നതു എന്തു മാനദണ്ഡത്തിന്മേലാണ്? കൂടുതൽ മാർക്കുനോക്കിയാണോ?

മാസ്റ്റർ സി. എ. ഔസേപ്പ്: മാർക്കു മാത്രം നോക്കിയല്ല.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഇത്തവണ തിരഞ്ഞെടുത്ത അയച്ചവരിൽ നിന്നും, വല്ലവരേയും, വല്ല കോളേജിലും സ്വീകരിയ്ക്കാതെ മടങ്ങിവരുകയുണ്ടായോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അങ്ങിനെ മടങ്ങിവരുന്നവരെ വീണ്ടും അവിടെത്തന്നെ എടുപ്പിച്ചിട്ടുണ്ടു്.

മിസ്റ്റർ സി. സി. പ്രസാദ്: മടങ്ങിവന്ന ഒരു അധ:കൃതനെ തിരിച്ചെടുക്കാൻ പ്രസ്സു ചെയ്യാത്തതിനു് പ്രത്യേകവല്ല കാരണവുമുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ആവശ്യമായ പരീക്ഷായോഗ്യത ഇല്ലാതിരുന്നതുകൊണ്ടാണ് ആ ആളെ എടുക്കാതിരുന്നതു്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: എന്തടിസ്ഥാനത്തത്തിന്മേലാണ് സെലക്ട് ചെയ്തത് എന്നു പറയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: പറയുവാൻസാദ്ധ്യമല്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: തിരഞ്ഞെടുക്കുമ്പോൾ ആവശ്യമായ പരീക്ഷായോഗ്യത ഉണ്ടായിരിക്കണമെന്നുള്ള വിവരം ഗവണ്മെണ്ടിനു നിശ്ചയമുണ്ടായിരുന്നില്ലെ?

മിസ്റ്റർ സി. എ. ഔസേപ്പ്: തിരഞ്ഞെടുത്ത ഉദ്യോഗസ്ഥൻ അതിന്റെ നിബന്ധനകൾ ശരിയായി നോക്കിയിട്ടുണ്ടായിരിക്കുകയില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: അങ്ങിനെ മുഴുവൻ വിവരവും നിശ്ചയമില്ലാതെ തിരഞ്ഞെടുക്കാമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: അപ്പോൾ കിട്ടിയ വിവരങ്ങൾ വച്ചുകൊണ്ടാണ് തിരഞ്ഞെടുത്തതു്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ആരു് ഉദ്യോഗസ്ഥനാണ് തിരഞ്ഞെടുത്തതു്?

മിസ്റ്റർ സി. എ. ഔസേപ്പ്: മന്ത്രിമാരാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി മന്ത്രിമാർ ഉദ്യോഗസ്ഥന്മാരാണൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതെ.

മിസ്റ്റർ കെ. ഐ. വേലായുധൻ: തിരിച്ചുയച്ച അധ: കൃതനെ രണ്ടാമതും എടുപ്പിയ്ക്കുവാൻ ഗവണ്മെണ്ടു എന്തെങ്കിലും ചെയ്യുകയുണ്ടായൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: എഴുത്തുകുത്തു നടത്തിനോക്കി.

മിസ്റ്റർ കെ. ഐ. വേലായുധൻ: അതിന്റെ ഫലമെന്തായിരുന്നു.

മിസ്റ്റർ സി. എ. ഔസേപ്പ്: അവിടത്തെ പ്രവേശനയോഗ്യതയെ സംബന്ധിച്ചു യൂണിവേഴ്സിറ്റിക്കു ഒരു പുതിയ നിശ്ചയം ചെയ്തിട്ടുണ്ടായിരുന്നു. അതു മാറ്റാൻ പാടില്ലായെന്നു തീർത്തുപറഞ്ഞു.

Mr. C. V. Iyyu *(Kunnamkulam):* On a point of information. Sir, a few days back the Hon'ble Minister for Education said on the floor of this very house that the Minister is not an offieer, but now he says that the Minister is an Officer.

Mr. C. A. Ouseph *(Minister for Education of Public Health):* Yes. the Minister is an Officer.

Mr. C. C.Iyyu *(Kunnamkulam):* When the member for Mala raised some discussion on the subject the Hon'ble Minister then said that he is not an Officer and the motion has to be withdrawn?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിനു നിയമം അനുവദിച്ചിട്ടുണ്ടു.

മിസ്റ്റർ സി. വി. ഇയ്യു: ഇതിനു മുമ്പു ബഹുമാനപ്പെട്ട മാള മെമ്പറുടെ ഒരു ചോദ്യത്തിനുത്തരമായി മന്ത്രിമാർ ഉദ്യോഗസ്ഥന്മാരല്ലായെന്നു പറയുകയുണ്ടായി. ഇപ്പോൾ പറയുന്നു മന്ത്രിമാർ ഉദ്യോഗസ്ഥന്മാരാണെന്നു. ഇതിലേതാണു ശരിയായിട്ടുള്ളതു?

Mr. President: Anyway that question does't arise here.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈ അധ്യക്ഷനെ മദ്രാസ്സു മെഡിക്കൽ കോളേജിലേക്കു തിരഞ്ഞെടുത്തയക്കാതിരിക്കാൻ വല്ല കാരണവുമുണ്ടൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: അയാളെ ആദ്യം തിരഞ്ഞെടുത്തതു കല്ലുട്ടാകോളേജിലേക്കാണു.

GRANTING OF PETROL COUPONS TO M.L.As.—CONSIDERATION OF

241. (169) മിസ്റ്റർ കെ. ഡബ്ളിയു. മരളീധരമാരാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സഭയിൽ മറുപടി പറയുമോ.—

(എ) എം. എൽ. എ. മാർക്കു നിയോജക മണ്ഡലത്തിൽ ചുറ്റിസഞ്ചരിക്കുന്നതിനു പെട്രോൾ കൂപ്പൺ കൊടുക്കുന്നതിനു ഗവണ്മെണ്ടിനു വല്ല ആലോചനയുമുണ്ടൊ;

(ബി) മദിരാശിയിൽ ഈ ആവശ്യത്തിനായി കൂപ്പണുകൾ കൊടുക്കുന്നതു ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഇല്ല.

(ബി) ഇല്ല. അന്വേഷിക്കുന്നുണ്ടു.

മിസ്റ്റർ കെ. ഡബ്ലിയു. മരളീധരമാരാർ: എം. എൽ. എ. മാർക്കു പെട്രോൾ കൂപ്പൺ കൂടുതൽ കൊടുക്കേണ്ടതു വളരെ അത്യാവശ്യമായിട്ടുള്ള കാര്യമാണെന്നു ഗവണ്മെണ്ടിനു ബോദ്ധ്യമുണ്ടൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: എം. എൽ. എ. മാർക്കു എന്നല്ലാ ആർക്കും അത്യാവശ്യമായ കാര്യത്തിനു പെട്രോൾ കൂപ്പൺ കൊടുക്കുന്നുണ്ടു.

മിസ്റ്റർ എ. എം. തോമസ്സു: എം. എൽ. എ. മാർക്കു മാസം തോറും ഒരു fixed quota കൊടുക്കാമോ എന്നുള്ള കാര്യം ഗവണ്മെണ്ടാലോചിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly